പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : 802

20/03/2013-ൽ

മറുപടിയ്ക്ക്

**ക്ഷേത്രങ്ങളുടെ അന്യാധീനപ്പെട്ട ഭൂമിതിരിച്ചു പിടിക്കുന്ന നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. സുധാകരൻ<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ<br>ശ്രീ. ബാബു എം. പാലിശ്ശേരി<br>ശ്രീ. എസ്. ശർമ്മ | ശ്രീ. വി.എസ്. ശിവകുമാർ,<br>ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി. |
| എ) പന്തല്ലൂർ ക്ഷേത്രഭൂമി ഉൾപ്പെടെ മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള വിവിധ ക്ഷേത്രങ്ങളുടെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചുപിടിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന റിയിക്കാമോ;<br><br>ബി) പ്രസ്തുത നടപടികളുടെ ഫലമായി എത്ര ഭൂമി തിരികെ പിടിച്ചു ; | എ) & ബി) 28/04/2012 -ലെ സ.ഉ.(എം.എസ്) നമ്പർ 178/12/ആർഡി പ്രകാരം പന്തല്ലൂർ ക്ഷേത്രഭൂമി സർക്കാർ ഭൂമിയാണെന്നും അത് തിരിച്ചെടുക്കുന്നതിന് മലപ്പുറം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. പന്തല്ലൂർ ക്ഷേത്ര ഭൂമി സർക്കാർ ഭൂമിയാണെന്ന് നിരീക്ഷണത്തിന് എതിരെ ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) No. 9391/2008 -ൽ ട്രസ്റ്റി ഹർജി ഫയൽ ചെയ്തിട്ടുണ്ട്. ക്ഷേത്രങ്ങളുടെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചു പിടിക്കുന്നതിനായി മലബാർ ദേവസ്വം ബോർഡിനു മാത്രമായി ഒരു ലാൻറ് കൺസർവൻസി യൂണിറ്റ് സ്ഥാപിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. ദേവസ്വം ഭൂമി ഒഴിപ്പിച്ചെടുക്കുന്നതിനായി ചില ക്ഷേത്രങ്ങൾ കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുമുണ്ട്. |
| സി) അന്യാധീനപ്പെട്ട ഭൂമി തിരികെ പിടിക്കാനായി റവന്യൂ വകുപ്പിന്റെ സഹായം തേടിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | സി) ഭൂസംരക്ഷണ നിയമ വ്യവസ്ഥ പ്രകാരം നഷ്ടപ്പെട്ട ഭൂസ്വത്തുക്കൾ ഏറ്റെടുക്കുന്നതിനായി റവന്യൂ വകുപ്പിൽ നിന്നുള്ള ഒരു തഹസീൽദാരെ നിയമിച്ച് ലാൻറ് കൺസർവൻസി യൂണിറ്റ് രൂപീകരിക്കുന്ന കാര്യം പരിഗണിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ